പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1475 15.06.2012 ൽ മറുപടിയ്ക്ക്

## വിശപ്പുരഹിത നഗരം - പദ്ധതി

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ | 'വിശപ്പുരഹിതനഗരം' പദ്ധതി യുടെ വിശദാംശം വ്യക്ത മാക്കുമോ ; | എ | നഗരങ്ങളിൽ എത്തിച്ചേരുന്ന ഓരോ വ്യക്തിയും ഒരു ദിവസം ഒരു നേരമെങ്കിലും ഭക്ഷണം കഴി ക്കണം എന്ന ലക്ഷ്യത്തോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് വിശപ്പുരഹിത നഗരം പദ്ധതി. ഈ പദ്ധതി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയോടനു ബന്ധിച്ച് 26/01/2009 -ൽ ആരംഭിച്ച് പ്രതിദിനം രണ്ടായിരത്തിൽപരം ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. 26/01/2009 മുതൽ 31/01/2010 വരെയുള്ള കാലയളവിൽ മിഷൻ നേരിട്ടുതന്നെ പദ്ധതി നടപ്പാ ക്കുകയും 78.94 ലക്ഷം രൂപ ചെല വഴിക്കുകയുമുണ്ടായി. കൂടാതെ ആധുനിക രീതിയിലുള്ള കിച്ചൺ പണിയുന്നതിന് 67.83 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.<br><br>പദ്ധതി നടത്തിപ്പിന്റെ മേൽ നോട്ടം 01/02/2011 മുതൽ കോഴിക്കോട് കോർപ്പറേഷൻ ഏറ്റെടുക്കുകയും പദ്ധതി ചെലവുകളുടെ തുക മിഷൻ നൽകി വരികയുമാണ്. |
| ബി | പ്രസ്തുത പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം എതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കിയെന്നും ചെല വാക്കിയ തുക എത്രയെന്നും അറിയിക്കുമോ; | ബി | കഴിഞ്ഞ സാമ്പത്തിക വർഷം വിശപ്പുരഹിത നഗരം പദ്ധതി കോഴിക്കോട് നഗരത്തിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1.4.2011 മുതൽ 31.12.2011 വരെ |

| | | | |
|---|---|---|---|
| | | | 74,59,877/-രൂപ ചെലവായിട്ടുണ്ട്. 1.1.2012 മുതൽ 31.3.2012 വരെയുള്ള കാലയളവിലെ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി | അന്നദായിനി പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ? | സി | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലെ മണ്ണല, അലയ്ക്കൽ, കുമ്പളപ്പാറ, വെറ്റിലക്കൊല്ലി എന്നീ ആദിവാസി കോളനികളിലാണ് അന്നദായനി പദ്ധതി സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയത്. ടി ആദിവാസി കോളനികളിൽ താമസിക്കുന്നവർക്ക് പാചകം ചെയ്ത ഭക്ഷണമാണ് വിതരണം ചെയ്തിരുന്നത്. ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ സി.ഡി.പി.ഒ/ ബന്ധപ്പെട്ട സൂപ്പർ വൈസർ എന്നിവരുടെ ഉത്തരവാദിത്വത്തിൽ ടി സ്ഥലങ്ങളിൽ എത്തിക്കുകയും മഹിളാ സമഖ്യ വോളന്റിയർമാർ/ ട്രൈബൽ വോളന്റിയർമാർ എന്നിവരുടെ സഹകരണത്തോടെ പാകം ചെയ്തു നൽകുകയുമാണ് ചെയ്തു വന്നിരുന്നത്. ട്രൈബൽ ഡിപ്പാർട്ട്മെന്റ് ആദിവാസി മേഖലകളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുകയുമുണ്ടായ സാഹചര്യത്തിൽ സുരക്ഷാ മിഷൻ വഴിയുള്ള നടത്തിപ്പ് 30.09.2010 ന് അവസാനിപ്പിച്ചു. |

R. Vijayah
സെക്ഷൻ ഓഫീസർ